LIBRARY ARCHIVES Kerala Legislative Assembly

ഇ-ഗ്രാന്റ്സ് ആനുകൂല്യം/ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

49 (355) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി, ഇ-ഗ്രാന്റ്സ് ആനുകൂല്യം എന്നീ ഇനങ്ങളിൽ 2016-17 വർഷം മുതൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2016-17 മുതൽ നാളിതുവരെ 2,68,23,660 രൂപ (രണ്ട് കോടി അറുപത്തെട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അറുന്നൂറ്റി അറുപത് രൂപ മാത്രം) ചികിത്സാ ധനസഹായമായും ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബാംഗങ്ങൾക്കുള്ള ധനസഹായമായും അനുവദിച്ചിട്ടുണ്ട്. E-Grantz Post Metrics വിദ്യാഭ്യാസാനുകൂല്യം സംസ്ഥാനതലത്തിലാണ് വിതരണം ചെയ്ത് വരുന്നത്. ആയതിനാൽ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ഇ-ഗ്രാന്റ്സ് ഡാറ്റാ ബേസിൽ ഇപ്പോൾ ലഭ്യമല്ല.

(ബി) ഇതിന്റെ പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2016-17 മുതൽ നാളിതുവരെ പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) എത്ര അപേക്ഷകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

1061 അപേക്ഷകൾക്കായി 2,68,23,660 രൂപ (രണ്ട് കോടി അറുപത്തെട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അറുന്നൂറ്റി അറുപത് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.